**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗശല്യ പ്രതിരോധ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മാനന്തവാടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നോർത്ത് വയനാട് വനം ഡിവിഷനിലെ ബേഗൂർ റെയ്ഞ്ചിൽപ്പെട്ട കൂടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് നിർമ്മിക്കുന്നതിനാണ് കിഫ്ബി പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവർത്തി ഏറ്റെടുത്ത കോൺട്രാക്ടർ പദ്ധതി പ്രദേശത്ത് ക്രാഷ്ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംങ് സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള വാഹനങ്ങളും ഉപകരണങ്ങളും കാലവർഷമായതിനാൽ സ്ഥലത്ത് എത്തിക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (സി) | ഓരോ പദ്ധതികൾക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | കൂടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് പ്രവർത്തിക്കായി 3.60 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ട കാലതാമസത്തിന് കാരണമെന്തെന്നും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (ഡി) | കൂടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് പ്രവൃത്തിക്കായി ഒപ്പുവെച്ച കരാർ പ്രകാരം 9 മാസമായിരുന്നു പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള കാലാവധി. ഫെൻസിംങ് സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ആയത് ഫാക്ടറിയിൽ നിന്നും നിർമ്മിക്കേണ്ടിവന്നെന്നും, നിലവിൽ സാമഗ്രികൾ പ്രദേശത്ത് എത്തിച്ചിട്ടുണ്ടെന്നും, കാലവർഷമായതിനാൽ ഫെൻസിംങ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്നും, കാലാവധിക്കകം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ